## ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

ദൂത് പന്ത്രണ്ട്

### ക്രിസ്തു പ്രതിഫലത്തോടും ശിക്ഷയോടുംകൂടെ വരുന്നതും, ഇരുണ്ട സ്ഥലത്ത് ഒരു വിളക്ക് പ്രകാശിക്കുന്നതും, ക്രിസ്തു തന്റെ ജയാളികൾക്ക് ഉദയനക്ഷത്രമായി സ്വകാര്യമായി പ്രത്യക്ഷപ്പെടുന്നതും

RK *Hymns*: ML253

തിരുവെഴുത്ത് വായന: വെളി. 22:12, 16; 2 പത്രൊ. 1:19

വെളി. 22:12 ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്.

വെളി. 22:16 യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി ഈ കാര്യങ്ങളെ നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എന്റെ ദൂതനെ അയച്ചിരിക്കുന്നു. ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു.

2 പത്രൊ. 1:19 കൂടാതെ അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു.

**I. "ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലം ഉണ്ട്"—വെളി. 22:12:**

A. അവന്റെ മടങ്ങിവരവിൽ മടക്കിനൽകപ്പെടുന്ന പ്രതിഫലത്തെ നാം പരിഗണിക്കേണ്ടതിന്, "ഇതാ, ഞാൻ വേഗം വരുന്നു" (3:11; 22:7) എന്ന മുന്നറിയിപ്പ് കർത്താവ് ആവർത്തിക്കുന്നു.

വെളി. 3:11 ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിക്കേണ്ടതിന് നിനക്കുള്ളതിനെ മുറുകെപ്പിടിച്ചുകൊള്ളുക.

വെളി. 22:7 ഇതാ, ഞാൻ വേഗം വരുന്നു. ഈ ചുരുളിലെ പ്രവചനത്തിന്റെ വചനങ്ങൾ കാക്കുന്നവൻ അനുഗൃഹീതനാകുന്നു എന്നു പറഞ്ഞു.

B. കർത്താവിന്റെ വരവിങ്കൽ, ഈ പ്രതിഫലം ഓരോ വിശ്വാസിക്കും, അവരുടെ ഉൾപ്രാപണത്തിനുശേഷം, ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ മടക്കിനൽകപ്പെടും—2 കൊരി. 5:10; 1 കൊരി. 4:5; റോമ. 14:10; മത്താ. 16:27.

2 കൊരി. 5:10 എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു.

1 കൊരി. 4:5 അതിനാൽ കർത്താവ് വരുന്നതുവരെ, സമയത്തിനു മുമ്പേ, ഒന്നും വിധിക്കരുത്, അവൻ ഇരുട്ടിന്റെ മറഞ്ഞിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും

ഹൃദയങ്ങളുടെ ആലോചനകളെ വെളിവാക്കുകയും ചെയ്യും, അപ്പോൾ ഓരോരുത്തന് ദൈവത്തിൽനിന്ന് പുകഴ്ച്ച ഉണ്ടാകും.

റോമ. 14:10 എന്നാൽ നിന്റെ സഹോദരനെ നീ ന്യായം വിധിക്കുന്നത് എന്ത്? അല്ലെങ്കിൽ നിന്റെ സഹോദരനെ നീ നിന്ദിക്കുന്നത് എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന് മുമ്പാകെ നിൽക്കുമല്ലോ,

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

C. വെളിപ്പാട് 22:12-ൽ “പ്രതിഫലം” എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവന പദത്തിന്റെ അർഥം “കൂലി” എന്നാണ്.

വെളി. 22:12 ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്.

D. കർത്താവായ യേശു രാജ്യം അവകാശമാക്കാൻ വീണ്ടും വരുമ്പോൾ, അവൻ തനിക്കുള്ള എല്ലാവർക്കും പ്രതിഫലം നൽകുകയോ ശിക്ഷിക്കുകയോ ചെയ്യും:

1. ചിലർക്ക് അവന്റെ ശിക്ഷ ലഭിക്കും, കാരണം "എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്" എന്ന കർത്താവിന്റെ വാക്ക് പ്രതിഫലം മാത്രമല്ല, ശിക്ഷയും ഉണ്ടെന്ന് സൂചിപ്പിക്കുന്നു.
2. ഇതിനോടനുബന്ധിച്ച്, വെളിപ്പാട് 22:7-ൽ കർത്താവ് പ്രഖ്യാപിച്ചു, “ഞാൻ വേഗം വരുന്നു; ഈ ചുരുളിലെ പ്രവചനത്തിന്റെ വചനങ്ങൾ കാക്കുന്നവൻ അനുഗൃഹീതനാകുന്നു.”
3. വെളിപ്പാടിലെ പ്രവചനത്തിന്റെ വചനങ്ങൾ കാക്കുന്നവൻ അനുഗൃഹീതനാകുന്നു, കാരണം അവന് പ്രതിഫലം ലഭിക്കും.
4. ആ ദിവസം നമുക്ക് ലഭിക്കുന്ന പ്രതിഫലം ഇന്നത്തെ നമ്മുടെ മനോഭാവത്തോട് വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു:
   a. നമ്മുടെ അധ്വാനത്തിനനുസരിച്ച് നമുക്ക് പ്രതിഫലം ലഭിക്കുമെന്ന് 1 കൊരിന്ത്യർ 3:8 പറയുന്നു.

      1 കൊരി. 3:8 നടുന്നവനും നനയ്ക്കുന്നവനും ഒന്നാകുന്നു, എന്നാൽ ഓരോരുത്തനും അവനവന്റെ അധ്വാനത്തിനൊത്തവണ്ണം അവനവന്റെ പ്രതിഫലം ലഭിക്കും.

   b. മത്തായി 16:27-ൽ കർത്താവായ യേശു തന്റെ മടങ്ങിവരവിൽ നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണം പ്രതിഫലം നൽകുമെന്ന് പറഞ്ഞു.

      മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

E. നിത്യരക്ഷയ്ക്ക് നമ്മുടെ പ്രവൃത്തികളുമായി യാതൊരു ബന്ധവുമില്ല, എന്നാൽ രാജ്യത്തിൻ പ്രതിഫലം പൂർണമായും നാം രക്ഷിക്കപ്പെട്ടതിനുശേഷം കർത്താവിന്റെ ജീവനാൽ ചെയ്ത നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമായിരിക്കും.

F. രക്ഷിക്കപ്പെട്ട ഏവനും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിവാകേണ്ടതാകുന്നു, അങ്ങനെ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കും; നന്മ ചെയ്യുന്നവർക്ക് പ്രതിഫലം ലഭിക്കും, തിന്മ ചെയ്യുന്നവർക്ക് ശിക്ഷ ലഭിക്കും—2 കൊരി. 5:10.

2 കൊരി. 5:10 എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു.

G. നാം ന്യായാസനത്തിനു മുമ്പാകെ നിൽക്കുകയും നമ്മുടെ കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചും, നടപ്പിനെക്കുറിച്ചും, പെരുമാറ്റത്തെക്കുറിച്ചും കർത്താവിനോട് കണക്ക് ബോധിപ്പിക്കുകയും ചെയ്യും; അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് പോലും തന്നെത്താൻ പരിശോധിക്കുവാൻ ധൈര്യപ്പെടാതെ, അവനെ പരിശോധിക്കുന്നവൻ കർത്താവാകുന്നു എന്ന് പറഞ്ഞത്—1 കൊരി. 4:3-4.

1 കൊരി. 4:3 എന്നാൽ ഞാൻ നിങ്ങളാലോ മനുഷ്യന്റെ നാളിനാലോ പരിശോധിക്കപ്പെടണം എന്നത് എനിക്ക് വളരെ ചെറിയ കാര്യം ആകുന്നു; അതിലുപരി ഞാൻ എന്നെത്തന്നെ പരിശോധിക്കുന്നതുമില്ല.

1 കൊരി. 4:4 എനിക്ക് എതിരായി ഒന്നിനെക്കുറിച്ചും ഞാൻ ബോധവാനല്ല; എന്നാൽ ഇതിൽ ഞാൻ നീതീകരിക്കപ്പെടുന്നില്ല, എന്നെ പരിശോധിക്കുന്നവൻ കർത്താവ് ആകുന്നു.

H. രക്ഷിക്കപ്പെട്ടതിനുശേഷം നാം കർത്താവിനുവേണ്ടി സേവിക്കുകയും വേലചെയ്യുകയും ചെയ്യുന്ന രീതി വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

I. പൗലൊസ് പറയുന്നു, "അടിസ്ഥാനത്തിന്മേൽ പണിത ആരുടെയെങ്കിലും വേല നിലനിന്നാൽ അവന് പ്രതിഫലം ലഭിക്കും"—3:14.

J. കർത്താവ് മടങ്ങിവരുമ്പോൾ, ഒരു ന്യായവിധി ഉണ്ടാകും; ആ ന്യായവിധിയിൽ നമുക്ക് പ്രതിഫലമാണോ അതോ ശിക്ഷയാണോ ലഭിക്കുന്നതെന്ന് അവൻ തീരുമാനിക്കും.

K. ക്രിസ്തുവിന്റെ ന്യായാസനമായിരിക്കും പ്രതിഫലം തീരുമാനിക്കുന്നത്: "ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു"—2 കൊരി. 5:10.

**II. "അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട**

**സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു"—2 പത്രൊ. 1:19:**

A. തിരുവെഴുത്തിലെ പ്രവചന വചനത്തെ ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന ഒരു വിളക്കിനോട് പത്രൊസ് ഉപമിക്കുന്നു:

1. ഇത് സൂചിപ്പിക്കുന്നത് ഈ യുഗം ഇരുണ്ട രാത്രിയിലെ ഒരു ഇരുണ്ട സ്ഥലമാണെന്നും (റോമ. 13:12), ഈ ലോകത്തിലെ എല്ലാ ആളുകളും ഇരുട്ടിലാണ് സഞ്ചരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്നുമാണ്.

| | |
|---|---|
| റോമ. 13:12 | രാത്രി ഏറെയായും പകൽ സമീപിച്ചുമിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികൾ ഉരിഞ്ഞുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധങ്ങൾ ധരിക്കാം. |

2. വിശ്വാസികൾക്ക് പ്രകാശം പരത്തുന്ന വിളക്ക് എന്ന നിലയിൽ തിരുവെഴുത്തിലെ പ്രവചന വചനം, അവരുടെ ഇരുട്ടിൽ പ്രകാശിക്കുന്ന ആത്മിക വെളിച്ചം നൽകുന്നു (അവരുടെ മാനസിക ഗ്രാഹ്യത്തിനായി കേവലം അക്ഷരങ്ങളിലുള്ള അറിവല്ല), അത് അവരെ ശോഭയേറിയ നാളിലേക്ക് പ്രവേശിക്കുവാൻ നയിക്കുകയും, കർത്താവിന്റെ പ്രത്യക്ഷത പുലരുന്ന നാൾ വരെ ഇരുണ്ട രാത്രിയിലൂടെ കടന്നുപോകാൻ അവരെ ഇടയാക്കുകയും ചെയ്യുന്നു.
3. സൂര്യപ്രകാശം എന്ന നിലയിൽ കർത്താവ് പ്രത്യക്ഷമാകുന്നതിനു മുമ്പ്, നമ്മുടെ കാൽച്ചുവടുകളിന്മേൽ പ്രകാശിക്കുന്നതിന്, ഈ വചനം വെളിച്ചമായി നമുക്ക് ആവശ്യമാണ്.

B. *നാൾ പുലരുന്നു* (2 പത്രൊ. 1:19) എന്നത് ശോഭയേറിയ നാൾ പോലെ, പ്രകാശപൂരിതമായ വരുവാനുള്ള കാലത്തെ ചിത്രീകരിക്കുന്ന ഒരു രൂപകാലങ്കാരം ആകുന്നു. ആ നാൾ പുലരുന്നതിന് മുമ്പ്, തിരുവെഴുത്തിലെ പ്രകാശിക്കുന്ന പ്രവാചക വചനത്തിന് ശ്രദ്ധകൊടുക്കുന്നതിലൂടെ പ്രകാശിപ്പിക്കപ്പെട്ടും ബോധദീപ്തമാക്കപ്പെട്ടുമിരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കും:

| | |
|---|---|
| 2 പത്രൊ. 1:19 | കൂടാതെ അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു. |

1. ഇപ്രകാരമുള്ള ഒരു നാൾ തങ്ങളുടെ മേൽ പുലരുന്നത് വരെ, വിശ്വാസത്യാഗത്തിന്റെ ഇരുളിലൂടെ, വിളക്കായ പ്രവാചക വചനം പ്രകാശിക്കേണ്ടതിന്, വിശ്വാസത്യാഗത്തിന്റെ കാലത്ത് വിശ്വാസികൾ ഈ വിഷയത്തിന് ശ്രദ്ധകൊടുത്താൽ നന്നായി ചെയ്യുന്നു.
2. കർത്താവിന്റെ സാന്നിധ്യത്തെ ആത്മാർഥമായി അന്വേഷിക്കുവാനും, കർത്താവ് കള്ളനെപ്പോലെ വരുവാനിരിക്കുന്ന, അവന്റെ വരവിന്റെ (പറൂസിയ) രഹസ്യ ഭാഗത്ത് അവർ കർത്താവിനെ നഷ്ടമാക്കാതിരിക്കേണ്ടതിന് ഉണർന്നിരിക്കുവാനും, ഇത് അവരെ ഇടയാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

3. ഈ രൂപകാലങ്കാരം, നീതിസൂര്യനെന്ന നിലയിൽ (മലാ. 4:2), കർത്താവിന്റെ പ്രത്യക്ഷതയിൽ (വരവിൽ- വാ. 16), പുലരുവാനിരിക്കുന്ന നാളായ രാജ്യയുഗത്തെ, വരുവാനുള്ള യുഗത്തെ, സൂചിപ്പിക്കുന്നതായിരിക്കണം. അവന്റെ വെളിച്ചം ഈ യുഗത്തിന്റെ ഇരുണ്ട രാത്രിയുടെ മൂകതയിലൂടെ കടന്ന് പ്രകാശിക്കും.

| | |
|---|---|
| 2 പത്രൊ. 1:16 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ശക്തിയും വരവും ഞങ്ങൾ നിങ്ങളോട് അറിയിച്ചത് ഞങ്ങൾ സമർഥമായി ആസൂത്രണം ചെയ്ത കെട്ടുകഥകളെ പിന്തുടർന്നിട്ടല്ല, അവന്റെ മാഹാത്മ്യത്തിന്റെ ദൃക്സാക്ഷികൾ ആയിത്തീർന്നിട്ടത്രേ. |
| മലാ. 4:2 | എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും. |

4. ഇതിന് മുമ്പ്, ഉണർന്നിരുന്ന് അവന്റെ പ്രിയ പ്രത്യക്ഷതയ്ക്കായി നോക്കിക്കൊണ്ടിരിക്കുന്നവർക്ക് (2 തിമൊ. 4:8), രാത്രിയുടെ ഏറ്റവും ഇരുണ്ട നാഴികയിൽ കർത്താവ് ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടും (വെളി. 2:28; 22:16).

| | |
|---|---|
| വെളി. 2:28 | ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും. |
| വെളി. 22:16 | യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി ഈ കാര്യങ്ങളെ നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എന്റെ ദൂതനെ അയച്ചിരിക്കുന്നു. ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു. |
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |

5. പുലർന്നുകൊണ്ടിരിക്കുന്ന നാളിലേക്ക് തങ്ങളെ നയിക്കുവാൻ പ്രാപ്തിയുള്ള പ്രവാചക വചനത്തിന്റെ പ്രകാശനത്തിലൂടെ അവർ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു.
6. ഇരുണ്ട സ്ഥലത്ത് ഒരു വിളക്ക് പോലെ പ്രകാശിക്കുന്ന വേദപുസ്തകത്തിലെ വചനത്തിന് നാം ശ്രദ്ധകൊടുത്താൽ, ഉദയനക്ഷത്രമായി അവൻ വാസ്തവത്തിൽ പ്രത്യക്ഷമാകുന്നതിന് മുമ്പ്, നാം ഇന്ന് ആയിരിക്കുന്നതായ വിശ്വാസത്യാഗത്തിന്റെ ഇരുളിൽ പ്രകാശിക്കുവാൻ, നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഉദയം നമുക്കുണ്ടായിരിക്കും.

## III. "ഞാൻ ദാവീദിന്റെ വേരും സന്തിയും, ശുഭ്രമായ ഉദയനക്ഷത്രവം ആകുന്നു"—വെളി. 22:16:

A. സ്വർഗീയ ജ്യോതിസ്സുകളാൽ, വെളിച്ചങ്ങളാൽ, മുൻനകുറിക്കപ്പെടുന്ന ക്രിസ്തു, ശോഭയുള്ള ഉദയനക്ഷത്രമാണ്—വാ. 16.

| | |
|---|---|
| വെളി. 22:16b | ...ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു. |

B. തന്റെ മടങ്ങിവരവിൽ തന്റെ ജനത്തിന് ക്രിസ്തു പൊതുവായ രീതിയിൽ ഉദയസൂര്യനായിരിക്കും (മലാ. 4:2), എന്നാൽ തന്റെ ഉണർന്നിരിക്കുന്ന പ്രണയിനികൾക്ക് പ്രത്യേകമായി അവൻ ഉദയനക്ഷത്രമായിരിക്കും.

മലാ. 4:2 — എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും.

C. രണ്ടാമത്തേത് ജയാളികൾക്കുള്ള ഒരു പ്രതിഫലമായിരിക്കും: "ഞാൻ അവന് ഉദയനക്ഷത്രം കൊടുക്കും"—വെളി. 2:28.

D. ദാവീദിന്റെ വേരും സന്തതിയും എന്ന നിലയിൽ ക്രിസ്തു യിസ്രായേലുമായും രാജ്യവുമായും ബന്ധപ്പെട്ടിരിക്കുന്നു, അതേസമയം അവൻ ശോഭയുള്ള ഉദയനക്ഷത്രമായിരിക്കുന്നത് സഭയുമായും ഉൾപ്രാപണവുമായും ബന്ധപ്പെട്ടിരിക്കുന്നു.

E. ഉദയനക്ഷത്രം ഏറ്റവും ഇരുണ്ട നാഴികയ്ക്ക് മുമ്പ്, പ്രഭാതത്തിന് മുമ്പ് പ്രത്യക്ഷപ്പെടുന്നു.

F. മഹോപദ്രവം ഏറ്റവും ഇരുണ്ട സമയമായിരിക്കും, അതിനുശേഷം രാജ്യത്തിന്റെ നാൾ ഉദിക്കും; ഈ യുഗത്തിന്റെ അവസാനത്തിനുമുമ്പ്, ഏറ്റവും ഇരുണ്ട സമയത്ത് ക്രിസ്തു ശോഭയുള്ള ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടുമെന്ന് ഇത് സൂചിപ്പിക്കുന്നു.

G. ദൈവരാജ്യത്തിൽ കർത്താവ് തന്റെ ജനത്തിന് സൂര്യനെപ്പോലെ പരസ്യമായി പ്രത്യക്ഷപ്പെടും, എന്നാൽ മഹോപദ്രവത്തിനുമുമ്പ് അവൻ തന്റെ ജയാളികളെ ഉൾപ്രാപണം ചെയ്യുവാൻ ഉദയനക്ഷത്രമായി അവർക്ക് സ്വകാര്യമായി പ്രത്യക്ഷപ്പെടും.

H. ഉണർന്നിരിക്കുന്നവർക്ക് മാത്രമേ ശോഭയുള്ള ഉദയനക്ഷത്രം പ്രത്യക്ഷമാകയുള്ളൂ.

I. ഉറങ്ങുന്ന വിശ്വാസികൾ ഉദയനക്ഷത്രം കാണില്ല; അവർ ക്രിസ്തുവിനെ പൊതുവായ രീതിയിൽ സൂര്യനായി മാത്രമേ കാണുകയുള്ളൂ.

J. ദീർഘനാളത്തെ അസാന്നിധ്യത്തിനുശേഷം അവന്റെ മടങ്ങിവരവിൽ അവന്റെ സാന്നിധ്യത്തിന്റെ പുതുമ അനുഭവിക്കുക എന്നതായിരിക്കും ഉണർന്നിരിക്കുന്നവരുടെ മുൻഗണന.

K. കർത്താവിന്റെ വരവിനായുള്ള ആഗ്രഹം ഒരു പ്രാർഥനയായി പ്രകടിപ്പിച്ചുകൊണ്ടാണ് മുഴുവൻ വേദപുസ്തകവും ഉപസംഹരിക്കുന്നത്.

L. വെളിപ്പാട് 22:20-ൽ കാണുന്ന യോഹന്നാന്റെ പ്രാർഥന വേദപുസ്തകത്തിലെ അവസാനത്തെ പ്രാർഥനയാണ്.

M. "ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ!"—വാ. 20.